I ഇ.ബി. XIII-കേരള നിയമസഭ/XVI-3

**പതിമൂന്നാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2016 ഫെബ്രുവരി 09, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**ചരമോപചാരം**

കല്ലടി മുഹമ്മദ്, കെ. മൂസക്കുട്ടി, ബൽറാം ഝക്കർ എന്നിവരുടെ നിര്യാണം

മുൻ കേരള നിയമസഭാംഗങ്ങളായിരുന്ന കല്ലടി മുഹമ്മദ്, കെ. മൂസക്കുട്ടി, മുൻ ലോക്സഭാ സ്പീക്കർ ബൽറാം ഝക്കർ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പരാമർശം നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## അടിയന്തരപ്രമേയം

സോളാർ അന്വേഷണ കമ്മീഷനുമുന്നിൽ നൽകിയ സാക്ഷിമൊഴി

മി. സ്പീക്കർ: റൂൾ 50 അനുസരിച്ച് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലിലോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയിലോ കമ്മീഷനിലോ പരിഗണനയിലിരിക്കുന്ന ഒരു വിഷയം സംബന്ധിച്ച് അടിയന്തരപ്രമേയം അനുവദിക്കാൻ പാടില്ലെന്ന് നിയമസഭാ ചട്ടം അനുശാസിക്കുന്നുണ്ടെങ്കിലും ചെയറിന്റെ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകുകയാണ്. ഇത് അന്വേഷണ കമ്മീഷന്റെ പരിഗണനയിലിരിക്കുന്ന ഒരു വിഷയമായതിനാൽ ചർച്ച ചെയ്യുമ്പോൾ പരിധിക്കകത്ത് നിന്ന് സംസാരിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കണം. സോളാർ അന്വേഷണ കമ്മീഷനുമുന്നിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സരിതാനായരും നൽകിയ മൊഴികളുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി നിയമസഭയെ തെറ്റിദ്ധരിപ്പിച്ചതായും മുഖ്യമന്ത്രിക്കും ഊർജ്ജ വകുപ്പുമന്ത്രിക്കും കൈക്കൂലി നൽകിയതായും ആരോപിച്ചിട്ടുള്ളതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി. എസ്. സുനിൽ

കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് നിയമസഭയ്ക്കകത്തും പുറത്തും ഉയർന്നുവന്ന ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ നിയമിച്ച ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ സ്വതന്ത്രവും നിഷ്പക്ഷവുമായ രീതിയിൽ പ്രവർത്തിച്ചുവരികയാണ്. അന്വേഷണ കമ്മീഷന് മുമ്പിൽ മൊഴി നൽകുന്ന വ്യക്തികളുടെ വിശ്വാസ്യത, വ്യക്തിനിഷ്ഠമായ താല്പര്യങ്ങൾ തുടങ്ങിയവ വിലയിരുത്തി കമ്മീഷൻ അന്തിമ നിഗമനത്തിൽ എത്തിച്ചേരുന്നതും കാലാവധി അവസാനിക്കുന്ന 2016 ഏപ്രിൽ 27-നുമുമ്പ് റിപ്പോർട്ട് സമർപ്പിക്കുമെന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. അടിയന്തര പ്രമേയത്തിന് ആധാരമായിരിക്കുന്ന ആരോപണങ്ങൾ ഉന്നയിച്ച സാക്ഷികളുടെ വിസ്താരം സോളാർ കമ്മീഷനിൽ ഇതുവരെ പൂർത്തിയായിട്ടില്ല. പത്രവാർത്തകളുടേയും മറ്റും അടിസ്ഥാനത്തിൽ ഒരു വ്യക്തി തൃശ്ശൂർ വിജിലൻസ് കോടതിയിൽ നൽകിയ പരാതിയിന്മേൽ 28-01-2016-ൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ഫയൽ ചെയ്ത ഒ.പി. ബഹുമാനപ്പെട്ട

ഹൈക്കോടതി പരിഗണിക്കുകയും തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് രണ്ട് മാസത്തേയ്ക്ക് സസ്പെന്റ് ചെയ്യുകയും ചെയ്തു. സോളാർ കമ്മീഷനിലെ സാക്ഷി മൊഴിയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിക്കും മറ്റൊരു മന്ത്രിക്കും എതിരായി കേസ് നിലവിലില്ലാത്ത സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അസാധാരണമായ സ്ഥിതിവിശേഷമാണ് സംസ്ഥാനത്ത് സംജാതമായിരിക്കുന്നത്. ടീം സോളാർ കമ്പനി നടത്തിയ തട്ടിപ്പിന്റെ ഉറവിടം മുഖ്യമന്ത്രിയുടെ ഓഫീസാണെന്നും മുഖ്യമന്ത്രി ഈ സംഘത്തെ സഹായിക്കുകയായിരുന്നുവെന്നും ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾ ശരിവയ്ക്കുന്ന വിധത്തിലുള്ള തെളിവുകളാണ് വന്നുകൊണ്ടിരിക്കുന്നത്. സോളാർ കുംഭകോണം സംബന്ധിച്ച് നിയമസഭയിൽ നടത്തിയ പ്രസ്താവനകൾക്ക് വിരുദ്ധമായിട്ടാണ് അന്വേഷണ കമ്മീഷന് മുമ്പാകെ മുഖ്യമന്ത്രി മൊഴി നൽകിയിട്ടുള്ളത്. മുഖ്യമന്ത്രിക്കും ശ്രീ. ആര്യാടൻ മുഹമ്മദിനുമെതിരെയുമുള്ള ആക്ഷേപങ്ങൾ സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്ന തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നേരിടാനുള്ള ആർജ്ജവം കാണിക്കുന്നതിന് പകരം ഹൈക്കോടതിയിൽനിന്ന് സ്റ്റേ വാങ്ങിയ

നടപടി ലജ്ജാകരമാണ്. തെറ്റായ ആക്ഷേപങ്ങളാണ് ഉന്നയിക്കപ്പെടുന്നതെങ്കിൽ അവ തെറ്റാണെന്ന് തെളിയിച്ച് പൊതുജനമധ്യത്തിൽ സധൈര്യം നിവർന്നുനിൽക്കാൻ പൊതുപ്രവർത്തകർക്ക് കഴിയണം. ഈ സാഹചര്യത്തിൽ ആരോപണ വിധേയരായ മന്ത്രിമാർ രാജിവച്ച് കേരളത്തിൽ നിയമവാഴ്ച പുന:സ്ഥാപിക്കാൻ തയ്യാറാകണം. അഴിമതിയിൽ മുങ്ങിനിൽക്കുന്ന ഈ സർക്കാരിന് അധികാരത്തിൽ തുടരാൻ അവകാശമില്ല. വിജിലൻസ് കോടതിയുടെ നിർദ്ദേശത്തിന്മേലുള്ള സ്റ്റേ നീക്കംചെയ്ത് സർക്കാരിനെതിരെയുള്ള അഴിമതി ആരോപണത്തിന്മേൽ സമഗ്രമായ അന്വേഷണം നടത്തണം. സോളാർ കുംഭകോണത്തിനെതിരായ വിജിലൻസ് കോടതി വിധിയിന്മേൽ തുടർ നടപടിയുണ്ടാകണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർക്കാരിനെതിരായി സഭയ്ക്കകത്തോ പുറത്തോ വസ്തുനിഷ്ഠമായ ആരോപണമുന്നയിക്കാൻ പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല. അറുപതോളം ക്രിമിനൽ കേസുകളിൽ പ്രതിയായ ഒരു വ്യക്തിയുടെ അപൂർണ്ണമായ മൊഴി പ്രതിപക്ഷത്തിന്

ആശ്രയിക്കേണ്ടിവന്നുവെന്നത് തികച്ചും ലജ്ജാകരമാണ്. പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ സർക്കാരുകൾക്കെതിരെ ആരോപണമുന്നയിക്കുന്നത് ഉത്തരവാദിത്വ ബോധത്തോടുകൂടിയായിരിക്കണം. മുഖ്യമന്ത്രിക്കും ശ്രീ. ആര്യാടൻ മുഹമ്മദിനുമെതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്ഷേപങ്ങൾ നിന്ദ്യവും ക്രൂരവുമാണ്. ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്ന വ്യക്തികളുടെ വിശ്വാസ്യത കണക്കിലെടുക്കാൻ പ്രതിപക്ഷം തയ്യാറാകണം. സോളാർ അഴിമതി കേസുമായി ബന്ധപ്പെട്ട അന്വേഷണത്തെ സർക്കാർ ഭയപ്പെടുന്നില്ലെന്ന് മാത്രമല്ല, ഒരന്വേഷണ കമ്മീഷനെ നിയോഗിച്ച് നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം നടത്തിവരികയുമാണ്. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ വിജിലൻസ് കോടതിയിൽ ആരെങ്കിലുമൊരു പരാതി കൊടുത്താൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്ന അസ്വാഭാവിക നടപടിയെയാണ് ഹൈക്കോടതി സ്റ്റേ ചെയ്തത്. ജനാധിപത്യ സംവിധാനത്തിൽ ഇത്തരം അസ്വാഭാവികമായ നടപടികൾ ഉണ്ടാകാതിരിക്കാനാണ് തൃശ്ശൂർ വിജിലൻസ് കോടതിയുടെ നടപടിക്കെതിരെ അപ്പീലിനുപോയത്. ഇതുമായി ബന്ധപ്പെട്ട ആരോപണങ്ങളുടെ സത്യാവസ്ഥ സോളാർ കമ്മീഷൻ റിപ്പോർട്ട് നൽകുമ്പോൾ

മാത്രമേ ബോധ്യപ്പെടുകയുള്ളൂ. കമ്മീഷൻ റിപ്പോർട്ട് വരുന്നതുവരെ കാത്തിരിക്കാനുള്ള സാമാന്യമര്യാദ പ്രതിപക്ഷം കാണിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 40 ലക്ഷം രൂപ കൈക്കൂലി വാങ്ങിയെന്ന ആരോപണം നിഷേധിക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 41 വീടുകളിൽ സോളാർ വാട്ടർ ഹീറ്റർ സ്ഥാപിച്ചതിന് സബ്സിഡി നൽകണമെന്നാവശ്യപ്പെട്ട് അനെർട്ടിൽ ടീം സോളാർ കമ്പനി കൊടുത്ത അപേക്ഷ ഐ.എസ്.ഐ. സർട്ടിഫിക്കറ്റില്ലെന്ന് കാണിച്ച് അനെർട്ടുതന്നെ നിരസിച്ചിരുന്നു. അനെർട്ടുമായി ചേർന്ന് ടീം സോളാർ കമ്പനി ഇന്റർനാഷണൽ സെമിനാർ നടത്തിയിട്ടുണ്ട്. ഇതല്ലാതെ യാതൊരു ഇടപാടും അനെർട്ടുമായോ ഊർജ്ജ വകുപ്പുമായോ ടീം സോളാറിനില്ല. അന്വേഷണ കമ്മീഷൻ റിപ്പോർട്ട് വരുന്നതുവരെ പ്രതിപക്ഷം കാത്തിരിക്കാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രതിയിൽ നിന്നുണ്ടായ ഭാഗികമായ മൊഴിയുടെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയ പ്രതിപക്ഷത്തിന്റെ നടപടി ഖേദകരമാണ്. സോളാർ കേസിൽ മൊഴികൊടുക്കുന്നതിനായി കമ്മീഷന് മുമ്പാകെ ഹാജരായപ്പോൾ ക്രോസ് വിസ്താരം ചെയ്ത സമയത്ത് പ്രതിയുടെ അഡ്വക്കേറ്റ് ഹാജരായിരുന്നുവെങ്കിലും ഒരു ചോദ്യവും

ചോദിച്ചില്ല. വിപുലമായ ടേംസ് ഓഫ് റഫറൻസോടുകൂടിയാണ് ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചതെങ്കിലും പ്രതിപക്ഷം അതുമായി സഹകരിക്കാൻ തയ്യാറായില്ല. പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയ ഒരു രേഖയും നശിപ്പിച്ചിട്ടില്ല. ഈ കേസിൽ ഖജനാവിന് ഒരു രൂപയുടെ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല. കേസന്വേഷണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടില്ല. പ്രതികൾക്കെതിരെ കർശന നിയമനടപടികളാണ് സർക്കാർ സ്വീകരിച്ചത്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): ജനങ്ങളോടുള്ള പ്രതിബദ്ധതകൊണ്ടുമാത്രമാണ് പ്രതിപക്ഷം സഭാനടപടികളുമായി സഹകരിക്കുന്നത്. കേരളത്തിന്റെ പേര് ഇത്രമാത്രം അപമാനിതമായ കാലം ചരിത്രത്തിലുണ്ടായിട്ടില്ല. കോടതികളുടെ ശാസന നിരന്തരം ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്ന സർക്കാരാണിത്. അധികാരമേറ്റതുമുതൽ തുടർച്ചയായ അഴിമതി ആരോപണങ്ങളാണ് മന്ത്രിസഭയിലെ ഭൂരിഭാഗം അംഗങ്ങൾക്കെതിരായും ഉയർന്നുകൊണ്ടിരിക്കുന്നത്. സോളാർ കമ്മീഷനു മുമ്പിൽ കളവ് പറഞ്ഞ മുഖ്യമന്ത്രി രാജിവയ്ക്കാൻ തയ്യാറാകണം.

(മുഖ്യമന്ത്രിയെ സംബന്ധിച്ച പരാമർശത്തിനെതിരെ ഭരണപക്ഷാംഗങ്ങൾ ബഹളം വയ്ക്കുകയും അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനു മുന്നിലെത്തി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിയതിനെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ 11.03-ന് സഭ നിർത്തിവച്ചു.)

(പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാവിലെ 11.03-ന് നിർത്തിവച്ച സഭ ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ 11.50-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഇരുഭാഗത്തേയും കക്ഷിനേതാക്കന്മാരുമായി സംസാരിച്ചിട്ടും ഒരു തീരുമാനത്തിലെത്താൻ കഴിയാത്ത സാഹചര്യത്തിൽ ക്ലോസ് ചെയ്ത വിഷയം റീ-ഓപ്പൺ ചെയ്ത് ചർച്ച ചെയ്യുന്നത് ശരിയല്ല. സഭാ നടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിൽ ഇരുന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## ചെയർമാൻമാരുടെ പാനൽ

ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീമതി കെ. കെ. ലതിക എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. കെ. മുരളീധരൻ: " 2016 ഫെബ്രുവരി 5-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിക്കാൻ നോട്ടീസ് നൽകിയിരുന്ന അംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: നന്ദിപ്രമേയത്തിന്മേലുള്ള ഇന്നത്തെ ചർച്ച ഒഴിവാക്കുന്നു. ശ്രീ. കെ. മുരളീധരന് നാളെ നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്. കാര്യോപദേശക സമിതിയുടെ തീരുമാനമനുസരിച്ച് ഗവർണ്ണറുടെ നന്ദിപ്രമേയത്തിനുള്ള ചർച്ച മൂന്നുദിവസമാണ്. ഇന്നത്തെ ചർച്ച കൂടി നാളെയും മറ്റെന്നാളുമായി നടത്താവുന്നതാണ്.

സഭ ഉച്ചയ്ക്കുശേഷം 12.10-ന് പിരിഞ്ഞു.

*******